**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2324** **21-06-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ അനുമതിക്കായുള്ള സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് സംസ്ഥാന വ്യാപകമായി ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത് വഴി ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ? | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (K-SMART) സോഫ്റ്റ് വെയർ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21/12/2023- ലെ നം. തസ്വഭവ-ഇജി1/30/2023/തസ്വഭവ സർക്കുലർ പ്രകാരം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കെ-സ്മാർട്ട് (K-SMART-Kerala Solutions for Managing Administrative Reformation and Transformation) സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും 2024 ജനുവരി 1 മുതൽ വിന്യസിച്ചിട്ടുണ്ട്. നിലവിൽ എല്ലാവിധത്തിലുമുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുമുള്ള അപേക്ഷകൾ (സെൽഫ് സർട്ടിഫിക്കേഷന്റെ കീഴിൽ വരുന്ന കെട്ടിടങ്ങൾ, മറ്റ് എല്ലാവിധ കെട്ടിടങ്ങൾ, കോമ്പൗണ്ട് വാൾ, കിണറുകൾ, കൂട്ടിച്ചേർക്കലുകൾ, നിലവിലുള്ള കെട്ടിടങ്ങളുടെ മാറ്റങ്ങൾ, ക്രമവൽക്കരണം മുതലായവയെല്ലാം ഉൾപ്പെടെ) കെ- സ്മാർട്ടിലെ ബിൽഡിംഗ് പെർമിഷൻ മൊഡ്യൂളിലൂടെയാണ് സമർപ്പിക്കുന്നത്.<br><br>എല്ലാവിധത്തിലുമുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനുമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും മേൽപ്പറഞ്ഞ കെ-സ്മാർട്ട് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വിന്യസിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. അപ്രകാരം പ്രസ്തുത സോഫ്റ്റ് വെയർ വിന്യസിച്ച് പ്രവർത്തിക്കുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഏകീകൃത സോഫ്റ്റ് വെയർ മുഖേന കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യാൻ കഴിയും. |

| | | | |
|---|---|---|---|
| | | | **ഏകീകൃത സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലൂടെ ഇതിന്റെ ഉപയോക്താക്കളായ പൊതുജനങ്ങൾക്കും പ്ലാൻ തയ്യാറാക്കുന്ന ലൈസൻസ്ഡ് എഞ്ചിനീയർമാർക്കും നഗര ഗ്രാമീണ ഭേദമന്യേയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രയോജനം ലഭിക്കും.**<br><br>**a. പൊതുജനങ്ങൾ.**<br><br>എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒരേ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ രണ്ടിടത്തു നിന്നും സേവനം കിട്ടുന്നതിന് പ്രത്യേകം ആപ്ലിക്കേഷനുകളിൽ പ്രവേശിക്കേണ്ടി വരുന്നില്ല. ഒരു ലോഗിൻ സൃഷ്ടിച്ചാൽ അതിലൂടെ തന്നെ നഗര- ഗ്രാമതല തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രാപ്യമാകുന്നതാണ്.<br><br>**b. ലൈസൻസ്ഡ് എഞ്ചിനിയേഴ്സ്.**<br><br>പൊതു ജനങ്ങൾക്കെന്ന പോലെ ഒറ്റ ലോഗിനിലൂടെ നഗര ഗ്രാമതല തദ്ദേശ സ്ഥാപനങ്ങളുടെ സേവനം പ്രാപ്യമാകും. വിവിധ സാങ്കേതിക വിദ്യകൾ പരിശീലിക്കേണ്ടതില്ല.<br><br>**c.ഉദ്യോഗസ്ഥർ**<br><br>**ഏകീകൃത തദ്ദേശസ്വയം ഭരണ സർവീസ് നിലവിൽ വന്നതിനാൽ ഉദ്യോഗസ്ഥർ നഗര ഗ്രാമ ഭേദമന്യേ എല്ലാ ഓഫീസിലും ജോലി ചെയ്തു വരുന്നുണ്ട്. നഗര സ്ഥാപനത്തിന്റെ ഓഫീസിൽ ഉപയോഗിച്ച് വന്നിരുന്ന ഇ-ഗവേണൻസ് സംവിധാനം അതേ പോലെ തന്നെ ഗ്രാമതല ഓഫീസിലും ഉപയോഗിക്കുവാൻ കഴിയുമെന്നതിനാൽ സുഗമമായ ഓഫീസ് പ്രവർത്തനം സാദ്ധ്യമാകുന്നു.** |

സെക്ഷൻ ഓഫീസർ